മലപ്പുറം പടപ്പാട്ട്

മൊയീൻ കുട്ടി വൈദ്യർ

'മദിനിയിമാല' എന്നുകൂടി പേരുള്ള ഈ പടപ്പാട്ട് കാവ്യം മാപ്പിളപ്പാട്ട് സാഹിത്യത്തിലെ എണ്ണപ്പെട്ട കൃതികളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. പ്രാദേശിക സമരചരിത്രകാവ്യമെന്ന നിലയിൽ ആണ് ഇതിന് പ്രചാരം.

1921 ൽ ഖിലാഫത്ത് കലാപത്തിന് മുൻപ് നിരവധി സന്ദർഭങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനത (മുസ്ലീം - അവർണ്ണ) നിരവധി കലാപങ്ങളിലൂടെ കടന്നുപോയിരുന്നു. ബ്രിട്ടീഷുകാരെയും അവരെ പോറ്റിസംരക്ഷിച്ചുപോന്ന മാടമ്പിമാരെയും എതിർക്കുക എന്നതായിരുന്നു കലാപകാരികളുടെ ലക്ഷ്യം.

മലപ്പുറത്ത് പുഴിക്കമണ്ണ് എന്നസ്ഥലത്ത് 1920 നടന്ന കലാപമാണ് ഈ പടപ്പാട്ടിന് ആധാരമായി കണക്കാക്കപ്പെടുന്നത്. പാറനമ്പി എന്ന ജന്മിയുടെ ഭൂമിയിലെ കരം പിരിവുമായി ബന്ധപ്പെട്ടാണ് ഈ കലാപം ഉയർന്നുവന്നത്. കർഷകരിൽ ബഹുഭൂരിപക്ഷമായിരുന്ന മാപ്പിളമാരെ പാറനമ്പി നിരന്തരം ദ്രോഹിച്ചുപോന്നു. പിരിവ് കാര്യസ്ഥനായിരുന്ന അലിമരയ്ക്കാരെ നിസ്കാരകാര്യത്തിന് പാറനമ്പി നിഷ്കരുണം മർദ്ദിച്ചു. മർദ്ദനത്തിൽ അലിമരയ്ക്കാരും ഒരു സഹായിയും കൊല്ലപ്പെട്ടു. കലാപം ശക്തിപ്പെടുകയും മാപ്പിളക്കോളനിയും പള്ളിയും പന്തല്ലൂർ നായന്മാർ ചുട്ടെരിച്ചു. 44 മാപ്പിളമാർ ഈ കലാപത്തിൽ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവരെ സംസ്കരിക്കാൻ പോലും നിൽക്കാതെ മാപ്പിളമാർ ജീവനും കൊണ്ടോടി രക്ഷപ്പെടുകയാണുണ്ടായത്. വള്ളുവനാട്ടിൽ നിന്നെത്തിയ ജുമാർ മൂപ്പനും സംഘവുമാണ് ശവശരീരങ്ങൾ അടക്കം ചെയ്തത്. പുഴക്കമണ്ണ് ശ്മശാനം ഇന്നും തീർത്ഥാടനകേന്ദ്രമാണ്.

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863502

1879ൽ രചിച്ച ഈ പടപ്പാട്ട് കവിയിലെ ചരിത്രകാരനെയാണ് രേഖപ്പെടുത്തുന്നത്. 1921ൽ ഖിലാഫ കാലത്ത് ഈ പടപ്പാട്ട് നിരന്തരം പാടിയിരുന്നത്രേ. ഈ പാട്ട് പള്ളികളിൽ പാടി വ്യാഖ്യാനിക്കുന്നതിൽ നിന്ന് ബ്രിട്ടീഷുകാർ ജനങ്ങളെ വിലക്കിയിരുന്നു. എന്നാൽ ഈ പാട്ടും ബദർ പടപ്പാട്ടും ആ കാലത്ത് നിരന്തരം പാടാറുണ്ടായിരുന്നു എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്.

68 ഇശൽ, 4 വമ്പ് (പഴയകാലത്തെ ഒരിനം ഗദ്യകവിത) ഒരു കുതിരപ്പാട്ടം (ശത്രുപക്ഷ പാളയത്തിലെ പറങ്കി പാട്ടിലിന്റെ നർമ്മ മധുരമായ ആവിഷ്കാരം) ഇത്രയുമാണ് മലപ്പുറം പടപ്പാട്ടിൽ കാണുന്നത് ചേരമാൻ പെരുമാളുടെ മതം മാറ്റം മുതൽ മലപ്പുറം പോരാട്ടം വരെയാണ് ഇതിലെ ഇതിവൃത്തം.

"യെത്തിനാന്തവർ മലയാളത്തിൽ
ഉള്ള കൊടുങ്ങല്ലൂർ നഗർ താനത്തിൽ"

എന്നിങ്ങനെ മതപ്രചാരണാർത്ഥം കൊടുങ്ങല്ലൂരെത്തിയ മാലിക് ദിൻ ബിൻ ദിനാറിനെ വിവരിക്കുന്നു.

വി.പി മുഹമ്മദാലി ←
മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ

"ചരിത്രപരമായ സത്യസന്ധതയും ഹൃദയസ്പർശകമായ പ്രതിപാദനവും അപൂർവ്വമായ യുദ്ധകാവ്യങ്ങളിൽ ഒന്നാണ് മലപ്പുറം പടപ്പാട്ട്" —

മലപ്പുറം നേർച്ചയോടനുബന്ധിച്ച് നടത്തുന്ന 'തട്ടാന്റെ പെട്ടിവരവ്' അന്നത്തെ മതസൗഹാർദ്ദത്തിന്റെ കൂടി തെളിവായി ചൂണ്ടിക്കാണിക്കാം (ഹിന്ദുക്കളും: കുട്ടൂർ മുകുന്ദൻ, തട്ടാൻ കുഞ്ഞൻ) എന്നിവരും ഖിലാഫത്തിൽ മരിച്ചു.)

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592